# അക്കാദമിക
# മാസ്റ്റർ പ്ലാൻ

## വില്ല്യാപ്പള്ളി യു.പി

## 2025 - 2026

# വിദ്യാലയത്തിന്റെ അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : വില്യാപ്പള്ളി യു.പി. സ്കൂൾ |
| വിലാസം | : വില്യാപ്പള്ളി (PO), വടകര വഴി കോഴിക്കോട്, 673542 |
| സ്കൂൾ കോഡ് | : 16763 |
| വിദ്യാഭ്യാസ ഉപജില്ല | : തോടന്നൂർ |
| വിദ്യാഭ്യാസ ജില്ല | : വടകര |
| റവന്യൂ ജില്ല | : കോഴിക്കോട് |
| ബി.ആർ.സി | : തോടന്നൂർ |
| സി.ആർ.സി | : ചാത്തോത്ത് എൽ.പി |
| ഗ്രാമപഞ്ചായത്ത് | : വില്യാപ്പള്ളി (10 വാർഡ്) |
| ബ്ലോക്ക് പഞ്ചായത്ത് | : തോടന്നൂർ |
| നിയമസഭാമണ്ഡലം | : കുറ്റ്യാടി |
| ലോകസഭാമണ്ഡലം | : വടകര |
| താലൂക്ക് | : വടകര |
| വില്ലേജ് | : വില്യാപ്പള്ളി |
| ഇ-മെയിൽ ഐഡി | : Villiappally UPS @ gmail.com |

# ആമുഖം

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം ഏഴു വർഷം പൂർത്തിയാകുന്ന ഘട്ടത്തിൽ കേരളത്തിന്റെ ഒരു പരിവർത്തനം നമുക്ക് ദർശിക്കാൻ കഴിയും. ഈ വർഷത്തെ വിദ്യാർത്ഥികളുടെ പ്രവേശനത്തിൽ വൻ നേട്ടമായി. ആധുനിക പഠനാന്തരീക്ഷം സ്കൂളുകളിൽ ഉറപ്പുവരുത്തിയിരിക്കുന്നു. വലിയതോതിലുള്ള ജനകീയ ഇടപെടൽ പൊതുവിദ്യാഭ്യാസ സംരക്ഷണത്തിനായി ഉപയോഗിക്കാൻ തുടങ്ങിയിരിക്കുന്നു. ഓരോ വിദ്യാലയവും തന്റെ സ്വന്തമാണെന്നും തന്റെ വിദ്യാലയത്തിൽ അക്കാദമികവും ഭൗതികവുമായ മികവുകൾ ഉണ്ടാക്കാൻ തനിക്ക് കഴിയുന്നതെല്ലാം ചെയ്യണമെന്നുമുള്ള ബോധം ഓരോ മലയാളിയുടെയും വികാരമായി മാറിയിരിക്കുന്നു. ക്ലാസ് മുറികൾ ഹൈടെക് ആയതും, മെച്ചപ്പെട്ട ഉച്ചഭക്ഷണ സംവിധാനം, വിശാലമായ കളിസ്ഥലം, ആരോഗ്യ കായിക വിദ്യാഭ്യാസം, ജൈവവൈവിധ്യ പാർക്കുകൾ, വൃത്തിയുള്ള അന്തരീക്ഷം. ആധുനിക സജ്ജീകരണങ്ങളോടു കൂടിയുള്ള ലബോറട്ടറി, ലൈബ്രറി, ഹൈടെക് ശൗചാലയങ്ങൾ തുടങ്ങിയവയും സ്വയം പഠനത്തിനും, സംഘപഠനത്തിനും ഉതകുന്ന രീതിയിലുള്ള പഠനബോധന പ്രവർത്തനങ്ങൾ. പാരിസ്ഥിതിക അവബോധം ഇവയെല്ലാം പൊതുവിദ്യാഭ്യാസത്തിന് കരുത്തുപകരുന്നു.

മേൽപറഞ്ഞ ലക്ഷ്യങ്ങൾ നേടിയെടുക്കാൻ നമ്മുടെ വിദ്യാലയം അക്ഷരങ്ങളുടെയും അറിവിന്റെയും വെളിച്ചം പകർന്ന് 97 വർഷം പിന്നിടുകയാണ്. വിദ്യാർത്ഥികളുടെയും സമീപപ്രദേശങ്ങളുടെയും വിദ്യാഭ്യാസ സാംസ്കാരിക മണ്ഡലങ്ങളിൽ തിളക്കമാർന്ന അധ്യായങ്ങൾ എഴുതിച്ചേർക്കാനും ഏറെ സംഭാവനകൾ നൽകാനും ഈ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്. സാധാരണക്കാർക്ക് വിദ്യാഭ്യാസം നേടുവാനുള്ള അവസരം നന്നേ കുറവായിരുന്ന പഴയകാലത്ത് ഒരു വലിയ പ്രദേശത്തെ കുട്ടികൾക്ക് അപ്പർ പ്രൈമറി വിദ്യാഭ്യാസം സാധ്യമാക്കിയത് ഈ വിദ്യാലയമായിരുന്നു. പാഠ്യ-പാഠ്യേതര വിഷയങ്ങളിൽ മികവുറ്റ പ്രവർത്തനങ്ങൾ കാഴ്ചവെക്കുവാൻ നമ്മുടെ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്. വിവിധ മേഖലകളിൽ തിളങ്ങി നിൽക്കുന്ന നമ്മുടെ നാട്ടിലെ ധാരാളം വ്യക്തിത്വങ്ങൾ ഈ വിദ്യാലയത്തിലൂടെ വളർന്നുവന്നവരാണ് നമുക്ക് അഭിമാനിക്കാം.

# ആമുഖം

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം ഏഴു വർഷം പൂർത്തിയാകുന്ന ഘട്ടത്തിൽ ഭരണത്തിന്റെ ഒരു പരിവർത്തനം നമുക്ക് ദർശിക്കാൻ കഴിയും. ഈ വർഷത്തെ വിദ്യാർത്ഥികളുടെ പ്രവേശനത്തിൽ അത് പ്രകടമായി. ആധുനിക പഠനാന്തരീക്ഷം സ്കൂളുകളിൽ ഉറപ്പുവരുത്തിയിരിക്കുന്നു. വലിയതോതിലുള്ള ജനകീയ ഇടപെടലുകൾ പൊതുവിദ്യാഭ്യാസ സംരക്ഷണത്തിനായി ഉപയോഗിക്കാൻ തുടങ്ങിയിരിക്കുന്നു. ഓരോ വിദ്യാലയവും തന്റെ സ്വന്തമാണെന്നും തന്റെ വിദ്യാലയത്തിൽ അക്കാദമികവും ഭൗതികവുമായ മികവുകൾ ഉണ്ടാക്കാൻ തന്നാൽ കഴിയുന്നതെല്ലാം ചെയ്യണമെന്നുമുള്ള ബോധം ഓരോ മലയാളിയുടെയും വികാരമായി മാറിയിരിക്കുന്നു. ക്ലാസ് മുറികൾ ഹൈടെക് ആയതും, മെച്ചപ്പെട്ട ഉച്ചഭക്ഷണ സംവിധാനം, വിശാലമായ കളിസ്ഥലം, അന്താരാഷ്ട്ര ഭാഷിക വിദ്യാഭ്യാസ, ജൈവവൈവിധ്യ പാർക്കുകൾ, വൃത്തിയുള്ള അന്തരീക്ഷം, ആധുനിക സജ്ജീകരണങ്ങളോടു കൂടിയുള്ള ലബോറട്ടറി, ലൈബ്രറി, ഹൈടെക് ശൗചാലയങ്ങൾ തുടങ്ങിയവയും സ്വയം പഠനത്തിനും, സംഘപഠനത്തിനും ഉതകുന്ന രീതിയിലുള്ള പഠനബോധന പ്രവർത്തനങ്ങൾ, പാരിസ്ഥിതിക അവബോധം ഇവയെല്ലാം പൊതുവിദ്യാഭ്യാസത്തിന് കരുത്തുപകരുന്നു.

മേൽപറഞ്ഞ ലക്ഷ്യങ്ങൾ നേടിയെടുക്കാൻ നമ്മുടെ വിദ്യാലയം അക്ഷരങ്ങളുടെയും അറിവിന്റെയും വെളിച്ചം പകർന്ന് 97 വർഷം പിന്നിടുകയാണ്. വിദ്യാർത്ഥികളുടെയും സമീപപ്രദേശങ്ങളുടെയും വിദ്യാഭ്യാസ സാംസ്കാരിക മണ്ഡലങ്ങളിൽ തിളക്കമാർന്ന അധ്യായങ്ങൾ എഴുതിച്ചേർക്കാനും ഏറെ സംഭാവനകൾ നൽകാനും ഈ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്. സാധാരണക്കാർക്ക് വിദ്യാഭ്യാസം നേടുവാനുള്ള അവസരം നാമമാത്രമായിരുന്ന പഴയകാലത്ത് ഒരു വലിയ പ്രദേശത്തെ കുട്ടികൾക്ക് അപ്പർപ്രൈമറി വിദ്യാഭ്യാസം സാധ്യമാക്കിയത് ഈ വിദ്യാലയമായിരുന്നു. പാഠ്യ-പാഠ്യേതര വിഷയങ്ങളിൽ മികവുറ്റ പ്രവർത്തനങ്ങൾ കാഴ്ചവെയ്ക്കുവാൻ നമ്മുടെ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്. വിവിധ മേഖലകളിൽ തിളങ്ങി നിൽക്കുന്ന നമ്മുടെ നാട്ടിലെ ധാരാളം വ്യക്തിത്വങ്ങൾ ഈ വിദ്യാലയത്തിലൂടെ വളർന്നുവന്നവരാണ് നമുക്ക് അഭിമാനിക്കാം.

# ലക്ഷ്യങ്ങൾ

കല, സംസ്കാരം, സാഹിത്യം, കായികം, കാർഷികം, തുടങ്ങിയ വിവിധ മേഖലകളിൽ വിദ്യാർത്ഥികളുടെ സർഗ്ഗശേഷികൾ വളർത്തിയെടുക്കുക.

മാതൃസമൂഹത്തിലെ ഒരു പൗരനെന്ന നിലയിലുള്ള കടമകൾ ഏറ്റെടുത്ത് സാമൂഹിക രംഗത്തെ ഗുണപരമായ മാറ്റങ്ങൾക്ക് നേതൃത്വം നൽകുവാൻ പ്രാപ്തരാക്കുക.

മതത്തിന്റെയും ജാതിയുടെയും പേരിൽ വേർതിരിവുകളില്ലാതെ, പാവപ്പെട്ടവനും പണക്കാരനും എന്ന വ്യത്യാസമില്ലാതെ ഒരു പഠനബോധന സമ്പ്രദായത്തിലൂടെ ജനാധിപത്യ മതനിരപേക്ഷ മൂല്യങ്ങൾ ഉൾക്കൊള്ളുവാൻ കുട്ടികളെ പ്രാപ്തരാക്കുക.

ഓരോ ക്ലാസിലും മുഴുവൻ കുട്ടികൾക്കും അതത് പ്രായത്തിൽ ലഭിക്കേണ്ട എല്ലാ ശേഷികളും കൈവരിച്ച് നിശ്ചിത പഠനത്തിലൂടെ ലോകത്തിലെ ഏതൊരു കുട്ടിയോടും സംവദിക്കുവാൻ പ്രാപ്തരാക്കുക.

അക്കാദമിക മികവിന് ഉതകുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയും അതിനാവശ്യമായ പശ്ചാത്തല സൗകര്യമൊരുക്കുകയും ചെയ്യുക.

കാലാവസ്ഥ വ്യതിയാനം അടക്കമുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ ശമിക്കുന്നതിന് സഹായകരമായ മനോഭാവം സൃഷ്ടിക്കുകയും പ്രാദേശികതലത്തിലുള്ള പ്രവർത്തനങ്ങൾക്ക് കുട്ടികളെ പ്രാപ്തരാക്കുകയും ചെയ്യുക.

കുട്ടികളുടെ പഠനത്തെ പരിസരബന്ധിതവും ജീവിതഗന്ധിയുമാക്കണമെന്ന ലക്ഷ്യത്തോടെ ആവാസ പരിസര സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി സ്കൂൾ കാമ്പസിനെ ഒരു പാഠപുസ്തകമായി വികസിപ്പിക്കുക.

പഠനയാത്രകൾ, പഠനക്യാമ്പുകൾ, ശില്പശാലകൾ, വിദഗ്ധരുടെ ക്ലാസ്സുകൾ, സെമിനാറുകൾ, ടോക്കുകൾ തുടങ്ങിയ വൈവിധ്യമാർന്ന പഠന തന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.

എല്ലാ കുട്ടികൾക്കും എല്ലാ മേഖലകളിലും അനുഭവം ലഭിക്കുന്നതിനും സർഗ്ഗപരമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിനും അവസരം ഒരുക്കും.

അന്താരാഷ്ട്ര പഠന നിലവാരം ഉറപ്പുവരുത്തുന്നതിനാവശ്യമായ പഠനോപകരണങ്ങൾ ഭൗതിക സൗകര്യങ്ങൾ എന്നിവ വിദ്യാലയത്തിൽ ഉറപ്പാക്കും.

ഉന്നത നിലവാരത്തിലുള്ള അധ്യാപനം ഉറപ്പാക്കാൻ അധ്യാപക ശാക്തീകരണ പരിപാടികൾ ആസൂത്രണം ചെയ്യും.

ഐസിടി അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതിക സൗകര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കും.

* ക്ലാസ്മുറികളിൽ ഐ.സി.ടി. അധിഷ്ഠിത ക്ലാസുകൾ ഉറപ്പാക്കുന്നതിലൂടെ വൈവിധ്യമുള്ള പഠനതന്ത്രങ്ങൾ ഉപയോഗപ്പെടുത്തി പഠനം കാര്യക്ഷമമാക്കും.
* ലോകോത്തര പ്രവൃത്തിപരിചയമികവ് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ ഭൗതിക മാനസിക സാംസ്കാരിക സൗകര്യങ്ങൾ ഒരുക്കും
* ഗവേഷണാത്മക അധ്യാപനത്തിനും, ഗവേഷണാത്മക പഠനത്തിനും അവസരമൊരുക്കും.
* പഠനത്തിൽ പിന്നാക്കക്കാരെ തുടക്കത്തിലെ കണ്ടെത്തി ആവശ്യമായ സഹായം പാഠ്യപദ്ധതിയുടെ സത്ത ഉൾക്കൊണ്ട് ലഭ്യമാക്കും.
* പഠനം ആകർഷകവും സർഗാത്മകവും ആനന്ദദായകവും ആക്കുന്നതരത്തിൽ വിദ്യാലയത്തിന്റെ ഭൗതിക സൗകര്യങ്ങൾ വികസിപ്പിക്കും.
* മദ്യപാനം മയക്കുമരുന്ന് മറ്റിവയുടെ ഉപയോഗം പുതിയതലമുറയിൽ നിന്നും ഒഴിവാക്കാവുന്നതരത്തിൽ ഇടപെടലുകൾ നടത്തും
* സ്കൂൾ പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിന് ജനകീയ ഇടപെടൽ ഉറപ്പാക്കുകയും പ്രാദേശിക വിഭവം പ്രയോജനപ്പെടുത്തുകയും ചെയ്യും.

## വിദ്യാലയം വികസനത്തിന്റെ കേന്ദ്രം കാഴ്ചപ്പാട്

വിദ്യാലയ പ്രവർത്തനങ്ങളിൽ സജീവമായ് പങ്കാളിത്തത്തോടെ കുട്ടികൾ പങ്കെടുക്കുന്ന അന്തരീക്ഷം വിദ്യാലയത്തിൽ ഉയർത്തിക്കൊണ്ടുവരിക.

അവരവരുടെ കഴിവുകൾ കണ്ടെത്തി അവ ഏറ്റവും ഉയർന്നതലത്തിലേക്ക് എത്തിക്കാനും പരിമിതികൾ മറികടക്കാനുമുള്ള അവസരങ്ങൾ സൃഷ്ടിക്കുക.
മത്സരാധിഷ്ഠിത ലോകത്തിൽ ജീവിക്കാനാവശ്യമായ ആത്മവിശ്വാസവും അവബോധവും പ്രാപ്തിയും ആർജ്ജിക്കുന്നതോടൊപ്പം മതനിരപേക്ഷിത ജനാധിപത്യബോധം തുല്യത സഹവർത്തിത്വം, സഹകരണം, അനുതാപം, ത്യാഗ ആ മൂല്യബോധം ഉളവാക്കാൻ പര്യാപ്ത പഠനപ്രക്രിയയും പഠനാന്തരീക്ഷവും സൃഷ്ടിക്കുക.

* വിദ്യാർത്ഥികളുടെ കഴിവിന്റെ സമസ്ത മേഖലകളുടെയും വികാസം ലക്ഷ്യമിട്ട് ഓരോ വിദ്യാർത്ഥിയുടെയും സർഗ്ഗപരമായ കഴിവുകൾ കണ്ടെത്തി വളർത്താനും വികസിപ്പിക്കാനുമുള്ള അവസരങ്ങൾ പഠനപ്രവർത്തനങ്ങളുടെ ഭാഗമായും സവിശേഷ സന്ദർഭങ്ങൾ ഒരുക്കിയും വികസിപ്പിക്കുക.
* പാർശ്വവത്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പുവരുത്തുന്ന വിദ്യാലയ അന്തരീക്ഷമൊരുക്കൽ.
* കുട്ടികളുടെ കായികക്ഷമത വർദ്ധിപ്പിക്കാനും ജീവിതശൈലീരോഗങ്ങൾ വരാതിരിക്കാനും വ്യായാമങ്ങൾക്കും കളികൾക്കും പ്രത്യേക പരിഗണന നൽകുക.
* കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കാൻ ശാസ്ത്രീയ രീതികൾ പരിചയപ്പെടുത്തുക. വിദ്യാലയത്തിൽ ജൈവ കൃഷി പരിപോഷിപ്പിക്കുക.
* 1 മുതൽ 7 വരെ ക്ലാസിലെ എല്ലാ കുട്ടികളും പാഠ്യപദ്ധതി നിർദ്ദേശിക്കുന്ന ആശയങ്ങളും ശേഷിയും നൈപുണിയും മനോഭാവവും മൂല്യങ്ങളും ആർജ്ജിക്കുന്നുവെന്ന് ഉറപ്പുവരുത്തുക.
* 1 മുതൽ 7 വരെ ക്ലാസിലെ കുട്ടികളുടെ സർഗശേഷി വികസനം ലക്ഷ്യമാക്കി സ്കൂൾതല പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കഴിയുംവിധം സമൂഹത്തിലെ വിവിധ തലങ്ങളെ ഏകോപിപ്പിക്കുക.
* വരും കാലഘട്ടത്തിന്റെ ആവശ്യങ്ങൾ മുൻകൂട്ടി മനസിലാക്കി ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി അധ്യയനം ഫലപ്രദമാക്കുക.
* വിദഗ്ധരായ അധ്യാപകരുടെ സേവനം വിദ്യാലയങ്ങളിൽ ലഭ്യ

[illegible]തോടൊപ്പം വിദ്യാലയത്തിലെ ഓരോ അധ്യാപകന്റെയും അക്കാദമികവും സാങ്കേതികവുമായ കഴിവ് വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.

കുട്ടികളുടെ സർഗ്ഗപ്രക്രിയാശേഷികളെ പരിപോഷിപ്പിക്കുന്നതിന് ഉതകുന്നതും സർഗ്ഗാത്മകവുമായ പ്രവർത്തന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.

ഗവേഷണാത്മക അധ്യാപനത്തിനും ഗവേഷണാത്മക പഠനത്തിനും അവസരമൊരുക്കുകയും നിരന്തര വിലയിരുത്തലിലൂടെ പരിമിതികൾ പരിഹരിച്ച് മുന്നേറുകയും ചെയ്യുക

സ്വയം പഠനം, സഹപഠനം എന്നിവ ഉറപ്പാക്കുന്നതിന് സഹായകമായ സാങ്കേതിക സൗകര്യങ്ങളും, പഠനശേഖരം ലൈബ്രറി പോലുള്ള സംവിധാനങ്ങളും സ്ഥാപനവൽക്കരിക്കുക.

* കുട്ടിയുടെ പഠനവേഗത, പഠനശൈലി, എന്നിവ പരിഗണിക്കുന്ന പഠന പ്രക്രിയ സാധ്യമാക്കുക.
* പഠനവും ബോധനവും ആസ്വാദ്യകരമായ അനുഭവമാക്കി മാറ്റുക.
* കുട്ടികളുടെ മാനസികവും ശാരീരികവുമായ പ്രയാസങ്ങൾ തൽസമയം പരിഹരിക്കാനുള്ള സംവിധാനങ്ങൾ വിദ്യാലയത്തിൽ ഉണ്ടാക്കുക.
* പ്രാദേശിക വിഭവപാഠം തയ്യാറാക്കി പൊതുജനങ്ങളുടെ സേവനം വിദ്യാലയത്തിൽ ലഭ്യമാക്കുക.

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## ലക്ഷ്യം

* ഓരോ വിദ്യാർത്ഥിക്കും വിദ്യാലയാന്തരീക്ഷവും പഠനപ്രവർത്തനങ്ങളും ആസ്വാദ്യകരമാക്കുക.
* വിദ്യാലയങ്ങളിൽ കുട്ടികളുടെ പൂർണ്ണപങ്കാളിത്തം ഉറപ്പാക്കുന്നുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
* വിദ്യാർത്ഥികൾക്ക് പഠനപ്രവർത്തനങ്ങൾക്ക് പുറമെ കലാ-കായിക പ്രവൃത്തി പരിചയ പ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനം ഒരുക്കുന്നു.
* വിദ്യാലയങ്ങളിലെ പഠനപിന്തുണ സംവിധാനങ്ങളായ ലബോറട്ടറി, കമ്പ്യൂട്ടർ, ലൈബ്രറി എന്നിവയെല്ലാം എല്ലാ വിദ്യാർത്ഥികൾക്കും ഒരുപോലെ പ്രാപ്തമാക്കുകയും ഒരുപോലെ പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.
* ഓരോ അധ്യാപികയും ആധുനിക സാങ്കേതികവിദ്യയുടെ കൂടി സഹായത്താൽ നിരന്തരം അറിവുകൾ പുനർനിർമ്മിക്കുകയും പ്രവർത്തനം ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയും ചെയ്യുന്നു.
* പാർശ്വവൽക്കരിക്കപ്പെടുന്നതും പ്രത്യേക പരിഗണന അർഹിക്കുന്നതുമായ കുട്ടികളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നു.

* ഓരോ വിദ്യാർത്ഥിയെയും ഒരു വ്യക്തിയായി കണ്ടുകൊണ്ട് അവരുടെ പരമാവധി വികാസം സാധ്യമാക്കുന്നതിൽ വിദ്യാലയത്തെ സഹായിക്കുന്നു.

* സുസ്ഥിര വികസന കാഴ്ചപ്പാടിലൂന്നിയ വിദ്യാലയത്തിലെ വിഭവങ്ങൾ (കളിസ്ഥലങ്ങൾ, ഉദ്യാനം, മൈതാനം) എന്നിവ വിദ്യാലയ സൗഹൃദപരമായി രൂപകല്പന ചെയ്യുകയും വിദ്യാർത്ഥികളോടൊപ്പം സമൂഹത്തിനാകെ ഉപയോഗപ്രദമാക്കുകയും ചെയ്യുന്നു.

* JRC, NSS, Scout, and Guides, bulbul, Cub, എന്നിവയുടെ പഠനപദ്ധതി നടപ്പിലാക്കൽ.

## രൂപീകരണത്തിന് പരിഗണിക്കേണ്ട മേഖലകൾ

* പാഠ്യ പദ്ധതി വിനിമയം
* പഠനാന്തരീക്ഷം
* അധ്യാപകൻ
* ഭൗതിക സാഹചര്യം
* സാമൂഹിക ഇടപെടലുകൾ
* വിദ്യാലയം നേരിടുന്ന വെല്ലുവിളികൾ.

# പാഠ്യ-പദ്ധതി വിന്യാസം.

=> **ആരോഗ്യ കായിക വിദ്യാഭ്യാസം**

കായിക സാക്ഷരത നേടിയിട്ടുണ്ടോ എന്ന് വിലയിരുത്തൽ. ആരോഗ്യക്ഷമത നിരീക്ഷിക്കുന്നതിന് ഷട്ടിൽ റൺ, ഹാർഡ് വാർഡ് സ്റ്റെപ്പ് ടെസ്റ്റ്.

=> **സംഘടിപ്പിക്കാവുന്ന പ്രവർത്തനങ്ങൾ**

നീന്തൽ പരിശീലനം, കരാട്ടെ, ഫുട്ബോൾ, അത്‌ലറ്റിക്സ്, എയറോബിക്സ്, Termൽ ഒരോ സ്പോർട്സ് ഡേ.

=> **കല**

ആഴ്ചയിൽ സാഹിത്യസമാജം. പ്രാദേശിക കലാകാരൻ-മാരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള പരിശീലനവും പ്രദർശനവും. നൃത്ത സംഗീത ക്ലാസുകൾ, പരിശീലനം ലഭിച്ച വിദ്യാർത്ഥികളുടെ പ്രദർശനം. പ്രവൃത്തി പരിചയം, ചിത്ര രചന, ശില്പശാലകൾ, തയ്യൽ ക്ലാസുകൾ, വർഷത്തിലൊരിക്കൽ ശില്പശാലകൾ.

## പഠനാന്തരീക്ഷം

മെച്ചപ്പെട്ട പഠനാന്തരീക്ഷം, ക്ലാസ്മുറികളുടെ സജ്ജീകരണം.

## ജനാധിപത്യം

അവസര-സമത്വം, സ്വതന്ത്ര്യ ചിന്ത, ലിംഗസമത്വം എല്ലാ വിഭാഗം ~~കുട്ടികൾക്ക~~ കുട്ടികളും ഉൾക്കൊള്ളുന്ന അന്തരീക്ഷം. വായനാമൂല, ഗണിത കോർണർ, ലാബ്, ശിശുസൗഹൃദം - അതിനനുസരിച്ചുള്ള T.M. തയ്യാറാക്കൽ.

## അനുയോജ്യമായ പഠനോപകരണങ്ങൾ

എല്ലാ സജ്ജീകരണങ്ങളോടും കൂടിയ ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, ലബോറട്ടറി, പഠനോപകരണ ശില്പശാല (1 മുതൽ 7 വരെയുള്ള പഠനോപകരണ നിർമ്മാണം — രക്ഷിതാക്കളെയും വിദഗ്ദരെയും ഉൾപ്പെടുത്തി വർഷത്തിലൊരിക്കൽ). ICT ഉപകരണങ്ങൾ (പൂർണ്ണമായും ഡിജിറ്റൽ സൗകര്യങ്ങളോടുകൂടിയ പഠനോപകരണങ്ങൾ).

## കായികക്ഷമത വർധിപ്പിക്കൽ

കരാട്ടെ പരിശീലനം, ഫുട്ബോൾ പരിശീലനം, സ്പോർട്സ് (അത്‌ലറ്റിക്), Sports Day (രണ്ട് മാസത്തിലൊരിക്കൽ).

## ലൈബ്രറി വികാസം.

ഓരോ ക്ലാസിലും ക്ലാസ് ലൈബ്രറി സജ്ജീകരിക്കൽ. അധ്യാപകരും ക്ലാസിൽ ലൈബ്രറി വിതരണം. വായനാ-കുറിപ്പ് രചന. ചിത്രീകരണം (കഥാപാത്രങ്ങൾ ചിത്രീകരിക്കൽ, ദൃശ്യാവിഷ്കാരം, നാടകം, സ്കിറ്റ്).

അമ്മ-വായന — അമ്മമാർക്ക് പുസ്തകം നൽകുക. കുട്ടികൾ പിറന്നാൾ സമ്മാനമായി ഒരു പുസ്തകം, staff ലൈബ്രറി, ലൈബ്രറി നവീകരിക്കൽ.

## ലൈബ്രറി

### staff ലൈബ്രറി

അമ്മ വായന — കുഞ്ഞുവായന, ക്ലാസ് ലൈബ്രറി വിപുലീകരിക്കൽ

വായനക്കുറിപ്പ് — മികച്ചതിന് സമ്മാനം, അമ്മമാർക്ക് ക്വിസ്.

പുസ്തക പ്രദർശനവും വില്പനയും.

## അധ്യാപകൻ

സ്വതന്ത്രവും നിർഭയവുമായ അന്തരീക്ഷം, പഠിതാക്കൾക്ക് അനുസൃതമായ പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും സ്വയം വിലയിരുത്തുന്നതിനും.

## അധ്യാപക വിദ്യാർത്ഥിബന്ധം.

ക്ലാസ്തലങ്ങളിൽ വിഷയാടിസ്ഥാനത്തിൽ മത്സരം നടത്തി സമ്മാനങ്ങളും പ്രോത്സാഹനങ്ങളും നൽകുക. ഗൃഹസന്ദർശനത്തിലൂടെ ഗൃഹാന്തരീക്ഷം അറിയുക. സാമൂഹിക സാമ്പത്തിക സ്ഥിതി അറിഞ്ഞ് മുന്നോട്ട് കൊണ്ടുവരിക. സാമ്പത്തിക പ്രയാസം അനുഭവിക്കുന്ന കുട്ടികൾക്ക് പുസ്തകങ്ങളും പഠനോപകരണങ്ങളും നൽകുക.

## കളിസ്ഥലവും കളിയുപകരണങ്ങളും

വിശാലമായ കളിസ്ഥലം, ഫുട്ബോൾ, ഷട്ടിൽ എന്നിവയുടെ ലഭ്യത ഉറപ്പാക്കൽ. എല്ലാ കുട്ടികളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള കളികൾ.

## സാമൂഹികമായ പിന്തുണ

കർഷകൻ, ആശാരികൾ, അതത് മേഖലയുമായി ബന്ധപ്പെട്ടവരുടെ സഹായവും സാമ്പത്തികവും മാനസികവുമായ പിന്തുണ ദൈനംദിനാസൂത്രണം — സമഗ്രാസൂത്രണം.

# പുസ്തക കലവറ നിറയ്ക്കൽ

## ഉദ്ദേശ്യം

കുട്ടികൾക്കും രക്ഷിതാക്കൾക്കും നാട്ടുകാർക്കും പ്രയോജനപ്പെടുന്ന ഒരു റഫറൻസ് ലൈബ്രറിയായി വിദ്യാലയത്തിലെ യു.പി. സ്കൂളിലെ ലൈബ്രറി ഉയർത്തുക.

## ലക്ഷ്യം

2025 - 26 അക്കാദമിക വർഷം കഴിയുമ്പോഴേക്കും 5000ൽ പരം പുസ്തകങ്ങൾ ~~ഉൾക്കൊ~~ ഉൾക്കൊള്ളുന്ന ഒരു ലൈബ്രറി സ്കൂളിൽ യാഥാർത്ഥ്യമാക്കുക.

## അവസ്ഥാപഠനം.

1. ലൈബ്രറിക്ക് വിപുലമായ ഒരു മുറിയുടെ അഭാവം.
2. ഒരു നല്ല ലൈബ്രറിയും സ്കൂളിന് ഇല്ല.
3. നിലവിലുള്ള പുസ്തകങ്ങൾ ക്രമപ്പെടുത്തി ചിട്ടയോടും വൃത്തിയോടും സൂക്ഷിക്കുന്നതിനുള്ള കൃത്യതക്കുറവ്.
4. പുസ്തകങ്ങൾ സൂക്ഷിക്കാനുള്ള അലമാരകൾ പരിമിതമാണ്.
5. ക്ലാസ് ലൈബ്രറിയിലെ അലമാരകൾ തകരാറിലാണ്.
6. ക്ലാസ് ലൈബ്രറി മുഖേന കുട്ടികൾക്ക് പുസ്തക വിതരണം കാര്യക്ഷമമല്ല.
7. ക്ലാസ് ലൈബ്രറിയിലെ പുസ്തകങ്ങൾ കുട്ടികളുടെ നിലവാരത്തിനനുസരിച്ച് തരംതിരിക്കലിന്റെ പരിമിതി.
8. ലൈബ്രറി പുസ്തക~~ങ്ങളുമായി~~ വായനയുമായി ബന്ധപ്പെട്ട പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുവാനുള്ള കുറവ്.
9. പുസ്തകങ്ങൾ തരംതിരിച്ച് സൂക്ഷിക്കാൻ (നോവൽ, കഥ, കവിത ..... ).

## ലൈബ്രറി വികസനവുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന പ്രശ്നങ്ങൾ പരിഹരിക്കാനാവശ്യമായ നിർദ്ദേശങ്ങൾ

### കമ്മറ്റി രൂപീകരണം

S.S.G., PTA, MPTA പൊതുസാമൂഹിക രംഗത്തെ പ്രതിനിധികൾ SRG എന്നിവരെ ഉൾപ്പെടുത്തി ഒരു ലൈബ്രറി വികസന കമ്മിറ്റി രൂപീകരണം.

### ലൈബ്രറി റൂം :

2025-26 ൽ സ്കൂളിന്റെ ഭൗതിക സാഹചര്യം മാറുന്നതിന് അനുസരിച്ച് ഒരു നല്ല ലൈബ്രറി റൂം രൂപപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. അതുവരെ നിലവിലുള്ള ലൈബ്രറി റൂം വേണ്ടവിധത്തിൽ ലൈബ്രറി പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തുക.

### ക്ലാസ് ലൈബ്രറി വിതരണം

ക്ലാസ് ലൈബ്രറി വിതരണം അടുത്ത മാസം മുതൽ ആരംഭിക്കുക. ക്ലാസ് ലൈബ്രറി അലമാരകളുടെ കേടുപാടുകൾ തീർക്കൽ ജൂലൈ മാസത്തിൽ തുടങ്ങുക.

ഓരോ ക്ലാസിന്റെയും നിലവാരത്തിലുള്ള പുസ്തകങ്ങൾ ക്ലാസിലെ ലൈബ്രറിയിൽ ചിട്ടപ്പെടുത്തി അധ്യാപകരുടെ നിയന്ത്രണത്തിൽ വിധേയമായി കുട്ടികൾക്ക് ലൈബ്രറിയുടെ ചുമതല നൽകുക.

റഫറൻസ് പുസ്തകങ്ങൾ ~~[illegible]~~ പഠനങ്ങളായി തരംതിരിച്ച് സൂക്ഷിക്കുക. ലൈബ്രറി പുസ്തക വായനയുമായി ബന്ധപ്പെട്ട് പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
(പുസ്തക ചർച്ച, ആസ്വാദനക്കുറിപ്പ്, ക്വിസ്, പുസ്തക പരിചയം, വായനക്കുറിപ്പ്, ജീവചരിത്രക്കുറിപ്പ്.)

പുസ്തകങ്ങൾ സ്ഥിതിവിവരക്കണക്കുകൾ സൂക്ഷിക്കുന്നതിന് ഒരു പുതിയ ലഡ്ജർ ഏർപ്പെടുത്തുക.

## പുസ്തക സമാഹരണം

- പി.ടി.എ, എം.പി.ടി.എ, എസ്.എസ്.ജി എന്നിവയിൽ നിന്നും 10 പുസ്തകങ്ങൾ ശേഖരിക്കുക.
- അധ്യാപകർ ഓരോരുത്തരും 25 പുസ്തകങ്ങൾ നൽകുക.
- പിറന്നാൾ സമ്മാനമായി കുട്ടികൾ പുസ്തകം നൽകുക.
- വീടുകളിൽ നിന്നും പുസ്തകം ശേഖരിക്കുക.
- സ്കൂളിൽ പുസ്തകച്ചന്ത നടത്തുക.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായം അഭ്യർത്ഥിക്കുക.
- ലൈബ്രറികൾ, സാംസ്കാരിക പ്രവർത്തകർ, വ്യക്തികൾ, സ്ഥാപനങ്ങൾ, യുവജനസംഘടനകൾ എന്നിവയിൽ നിന്നും പുസ്തക സമാഹരണം നടത്തുക.
- ഓരോ രക്ഷിതാവിൽ നിന്നും നിശ്ചിത തുക വാങ്ങി പുസ്തകം വാങ്ങുക.
- പി.ടി.എ. ഫണ്ട് ഉപയോഗിച്ച് അലമാരകൾ വാങ്ങുക.
- പുസ്തക സമാഹരണത്തിന് നറുക്കെടുപ്പ് പോലുള്ള പരിപാടികളിലൂടെ ഫണ്ട് സ്വരൂപിക്കുക.

## മോണിറ്ററിങ് സമിതി.

ഈ പ്രവർത്തനങ്ങൾ വളരെ സൂക്ഷ്മമായും കൃത്യമായും monitaring ചെയ്യേണ്ടതുണ്ട്. പി.ടി.എ. പ്രസിഡന്റ്, H.M. അടങ്ങിയ ഒരു monitaring സമിതി ഈ പ്രവർത്തനങ്ങൾ അവലോകനം നടത്തി വേണ്ട നിർദ്ദേശങ്ങൾ ലൈബ്രറി വികസന സമിതിക്ക് നൽകണം.

നോട്ട്

ഇതിലെ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തി സമയബന്ധിതമായി സമിതി ചർച്ച ചെയ്തുനടപ്പാക്കേണ്ടതാണ്.

# അക്കാദമിക്

# മാസ്റ്റർ പ്ലാൻ

## ക്ലാസ് - I

# ആമുഖം

ഒന്നാം ക്ലാസിലെ പാഠപുസ്തകം 2024-25 വർഷം പരിഷ്കരിക്കുകയും ഒന്നാം വർഷത്തെ വിനിമയാനുഭവങ്ങളുടെ അടിസ്ഥാനത്തിൽ മെച്ചപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പുതിയ പാഠപുസ്തകങ്ങളുടെ ഭാഗമായി നടപ്പിലാക്കിയ സംയുക്ത ഡയറി, രചനോത്സവം, പാട്ടരങ്ങ്, വായനോത്സവം എന്നിവയ്ക്ക് നല്ല സ്വീകാര്യതയാണ് ലഭിച്ചത്. ഒന്നാം ക്ലാസിലെ കുട്ടികൾ സ്വതന്ത്ര വായനക്കാരായതിന്റെയും പരസഹായമില്ലാതെ തങ്ങളുടെ ആശയങ്ങൾ എഴുതി പ്രകടിപ്പിക്കാൻ കഴിവുനേടിയതിന്റെയും വിളംബരമായിരുന്നു വർഷാവസാനം നടത്തിയ പഠനോത്സവം. വാർഷിക ലക്ഷ്യങ്ങൾ തീരുമാനിച്ച് ഒരു വർഷത്തേക്കുള്ള പ്രവർത്തന പദ്ധതി തയ്യാറാക്കുന്ന രീതിയിലാണ് കഴിഞ്ഞ വർഷം അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്. ഓരോ മാസത്തെയും പ്രവർത്തനത്തിന്റെ ഫലപ്രാപ്തിയാണ് വർഷാവസാനം ഉണ്ടാവുക. നിരന്തര വിലയിരുത്തലിന്റെ അന്തസത്തയോട് നീതി പുലർത്തുന്നതിനായി ഈ വർഷം വാർഷിക ലക്ഷ്യങ്ങൾ തീരുമാനിച്ച ശേഷം പ്രതിമാസ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും തയ്യാറാക്കുന്ന രീതിയാണ് അവലംബിക്കുന്നത്.

മേഖല : അക്കാദമികം

ഉപമേഖല : പരിസരപഠനം

ക്ലാസ് : 1

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| * ആഹാര ശീലങ്ങളും, ഭക്ഷണ വസ്തുക്കളുടെ പ്രാധാന്യങ്ങളും തിരിച്ചറിവ് | * ഭക്ഷ്യമേള - പ്രദർശനം നാടൻ വിഭവങ്ങൾ ഉപയോഗിച്ചുള്ള പാചകവും രുചി അറിവും. | * ജൂൺ<br>* ജൂലൈ<br>* ആഗസ്ത് | * ക്ലാസ് ടീച്ചർ<br>SRG<br>SMC | * SMC |
| * പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും | * പുഷ്പോദ്യാനം, ഔഷധത്തോട്ടം, ചുറ്റുവട്ടത്തെ | * ഡിസംബർ<br>ജനുവരി | * SRG<br>SMC | |

മേഖല : അക്കാദമികം

ഉപമേഖല : ഗണിതം

ക്ലാസ് : 1

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| * കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | * ഗണിത മാഗസിൻ | * ജൂൺ മാർച്ച് | * ക്ലാസ് ടീച്ചർ | |
| | * ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം | * സെപ്തംബർ | * ക്ലാസ് ടീച്ചർ | SSA |
| | * ഗണിത ക്യാമ്പ് ഗണിതപ്രവർത്തനങ്ങൾ കളികളിലൂടെ | * മാസത്തിൽ ഒന്ന് വീതം | * SRG ക്ലാസ് ടീച്ചർ | |

മേഖല : അക്കാദമികം

ഉപമേഖല : ഇംഗ്ലീഷ്

ക്ലാസ് : 1

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| * ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കുവാനുള്ള അവസരം ഒരുക്കൽ | * കാർട്ടൂൺ പ്രദർശനം സിനിമാ പ്രദർശനം | * മാസത്തിൽ ഒന്ന് / ആഴ്ചയിൽ ഒന്ന് | * SRG ക്ലാസ് ടീച്ചർ | * SSA |
| * ചുറ്റുപാടുമുള്ള വസ്തുക്കളെ വാക്കായി ചെറിയ വാക്യങ്ങളിൽ വിശദീകരിക്കുന്നു. | * ക്ലാസ് റൂമിലും, കുട്ടികളുടെ കൈയ്യിലുമുള്ള വസ്തുക്കളെ ചെറിയ വാക്യങ്ങളിൽ വിശദീകരിക്കുന്നു. | * ആഗസ്റ്റ് മുതൽ ജനുവരി വരെ. | * ക്ലാസ് ടീച്ചർ | |
| * വായനയ്ക്ക് പ്രാധാന്യം നൽകുന്ന പ്രവർത്തനങ്ങൾ. | * Reading card തയ്യാറാക്കുന്നു. ആഴ്ചയിൽ ഒരു ദിവസം ഒരു കുട്ടിയെക്കൊണ്ട് വായിക്കുന്നു. | * ആഗസ്റ്റ് to മാർച്ച് | * ക്ലാസ് ടീച്ചർ | |

മേഖല : അക്കാദമികം

ഉപമേഖല : ഭാഷ

ക്ലാസ് : 1

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശദാംശം |
|---|---|---|---|---|
| * അടിസ്ഥാന ഭാഷാ ശേഷി വികസനം. | * ഭാഷാ മെറി കുട്ടി കളിപ്പൂ | * സെപ്റ്റംബർ | * ക്ലാസ് ടീച്ചർ | |
| | * പാട്ടുകളും കഥകളു മായി കുട്ടി കൂട്ടങ്ങൾ സംഘടിപ്പിക്കൽ | * ഒക്ടോബർ | * സ്കൂൾ വികസന സമിതി | * SMC |
| | * അമ്മ പറയട്ടെ<br>അമ്മമാർ കുട്ടികഥക ൾ അവതരിപ്പിക്കു ന്നു | * ജൂലൈ ഡിസംബർ ജനുവരി മാസത്തിലൊരിക്കൽ | * ക്ലാസ് ടീച്ചർ മദർ. പി.ടി.എ | * മദർ പി.ടി. എ |

# ဓပဏဂိ

ကၠာသ်: 2

## ആമുഖം

കുട്ടികളിൽ മലയാള ഭാഷയുടെ അടിസ്ഥാന ശേഷികൾ (വായന, എഴുത്ത്, സംസാരിക്കൽ, കേൾക്കൽ) എന്നിവ വളർത്തുന്നു.

## ലക്ഷ്യങ്ങൾ

- മലയാളത്തിലെ അടിസ്ഥാന അക്ഷരങ്ങളെ തിരിച്ചറിയാൻ കഴിവുണ്ടാവുക.
- രണ്ട് അക്ഷരങ്ങളും മൂന്ന് അക്ഷരങ്ങളും ഉള്ള ലളിതമായ വാക്കുകൾ വായിക്കുകയും എഴുതുകയും ചെയ്യുക.
- അക്ഷരങ്ങൾ ഉൾക്കൊള്ളുന്നതിന് കളിയിലൂടെയുള്ള പഠനം പ്രോത്സാഹിപ്പിക്കുക.

പ്രവർത്തനങ്ങൾ

1) അക്ഷരമാല

2) രണ്ടക്ഷര / മൂന്നക്ഷര വാക്കുകൾ

3) കേൾക്കൽ, സംസാരിക്കൽ

4) അക്ഷര കാർഡുകൾ

കാലാവധി - ജൂൺ - ആഗസ്റ്റ്

പ്രവർത്തനം - 2

~~ഭാഷ~~

ആമുഖം

കവിതകളും, ലഘുവാക്യങ്ങളും മുഖേന ഭാഷയോടുള്ള ആസ്വാദന ശേഷിയും ആശയവിനിമയ ശേഷിയും വികസിപ്പിക്കുന്നു.

ലക്ഷ്യങ്ങൾ

ചെറിയ വാക്യങ്ങൾ വായിക്കുകയും അതിന് അർത്ഥം ഗ്രഹിക്കുകയും ചെയ്യുന്നു.

ലളിതമായ കവിതകൾ ചൊല്ലുന്നു. അർത്ഥം മനസിലാക്കുന്നു

ചിത്രങ്ങൾ കണ്ട് അതുമായി ബന്ധപ്പെട്ട വാക്കുകൾ മനസ്സിലാക്കാനും പറയാനും കഴിയുന്ന പ്രവർത്തനങ്ങൾ.

വരികൾ പകർന്നു എഴുതൽ. ചിത്രം നോക്കി വായിക്കൽ

കാലാവധി - സെപ്തംബർ - നവംബർ

പ്രവർത്തനം - 3

ആമുഖം

കുട്ടികൾക്ക് കഥകൾ പറഞ്ഞുകൊടുക്കുകയും ലളിതമായ വാക്യങ്ങൾ വായിക്കുകയും എഴുതുകയും ചെയ്യുന്നതിലൂടെയാണ് ഭാഷാകൗശലങ്ങൾ വികസിപ്പിക്കുന്നത്. കഥകൾ കുട്ടികളിൽ സൃഷ്ടിപരതയും ആശയവിനിമയശേഷിയും വളർത്തുന്നു.

ലക്ഷ്യങ്ങൾ

ലളിതമായ കഥകൾ കേൾക്കാനും മനസ്സിലാക്കാനും ~~കേൾക്കാനും~~ കഴിയുക.

ലളിത വാക്യങ്ങൾ രചിക്കാൻ പരിശീലനം നേടുക.

പ്രവർത്തനങ്ങൾ

1) കഥ കേൾക്കൽ

2) കഥ പറയൽ

3) ചിത്രരചന.

# ഗണിതം

ക്ലാസ് : 2

## പ്രവർത്തനം - I

### ആമുഖം

കുട്ടികളെ സംഖ്യകളുടെ ലോകത്തിലേക്ക് പരിചയപ്പെടുത്തുകയാണ് പ്രധാനമായ ലക്ഷ്യം. 1 മുതൽ 50 വരെയുള്ള സംഖ്യകൾ തിരിച്ചറിയാനും എണ്ണാനും വിവിധ ഗെയിമുകളും പ്രവർത്തനങ്ങളും വഴി ബോധനം നൽകുന്നു. നമ്പർ ലൈനുകൾ, സംഖ്യാകാർഡുകൾ, കുട്ടികൾക്ക് കണക്കുകളോടുള്ള ഭയം മാറ്റാനും ആസ്വാദനം വർധിപ്പിക്കാനുമാണ് ശ്രമം.

### ലക്ഷ്യങ്ങൾ

1) 1 മുതൽ 200 വരെയുള്ള സംഖ്യകൾ തിരിച്ചറിയാനും എഴുതാനും കഴിവ് നേടുന്നു.

2) കൃത്യമായി എണ്ണാനും സംഖ്യകൾ ക്രമത്തിൽ വായിക്കാനും പ്രാപ്തിയാകുന്നു

3) 1 മുതൽ 50 വരെയുള്ള സംഖ്യാകാർഡുകൾ കുട്ടികൾക്ക് നൽകുക.
സംഖ്യ ക്രമത്തിൽ വരുത്തുക, തെറ്റായത് തിരുത്തുക തുടങ്ങിയ ഗെയിമുകൾ നടത്തുക. (ആദ്യം 50 വരെയും പിന്നീട് 100 വരെയും ശേഷം 200 വരെയും).

4) നമ്പർ ലൈൻ ചാർട്ട്

നിലത്ത് നമ്പർ ലൈൻ വരച്ചുകൊടുക്കുക.

അധ്യാപകൻ പറയുന്ന സംഖ്യയിൽ ചാടാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക.

5) കുട്ടികളുടെ ഗ്രൂപ്പ് പ്രവർത്തനം

ചെറിയ ഗ്രൂപ്പുകളായി തിരിച്ചു സംഖ്യകളുടെ ക്രമം പഠിപ്പിക്കേണ്ടതായ പ്രവർത്തനങ്ങൾ നൽകുക.

ഓരോ ഗ്രൂപ്പിനും വ്യത്യസ്ത സംഖ്യാക്രമങ്ങൾ നൽകുക.

കാലാവധി

ജൂൺ – ആഗസ്റ്റ്

മലയാളം III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിഭവം |
|---|---|---|---|---|
| • ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ. | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ. | വർഷം മുഴുവൻ | SRG<br>ക്ലാസ് ടീച്ചർ | PTA. |
| • വായനാശേഷി വളർത്തൽ | • ക്ലാസ് വായനക്കൂട്ടം<br>ക്ലാസ് ലൈബ്രറി ഒരുക്കൽ.<br>• പുസ്തകപരിചയം<br>• പത്രവായന.<br>• കഥ പറയൽ. | വർഷം മുഴുവൻ | HM<br>SRG.<br>Class teacher<br>CPTA | PTA. |

മേഖല : അക്കാദമികം

ഉപമേഖല : ഇംഗ്ലീഷ്

ക്ലാസ് - III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായന ശേഷി വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം | * ക്ലാസ് ലൈബ്രറി വികസനം | ജൂൺ - മാർച്ച് | ക്ലാസ്ടീച്ചർ | |
| | * വാർത്താവായന മത്സരം സംഘടിപ്പിക്കൽ | മാസത്തിൽ ഒന്ന് | ക്ലാസ്ടീച്ചർ/SRG | |
| | * വായനാക്കുറിപ്പുകൾ | 3 മാസത്തിൽ ഒന്ന് | | |
| | * ബാലപ്രസിദ്ധീകരണങ്ങളുടെ വായന | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ | |

മലയാള ഭാഷ (Std IV)

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം സംഘടിപ്പിക്കൽ | ലക്ഷ്യം നേടുന്നതുവരെ | ക്ലാസ് ടീച്ചർ | |
| വായനാശേഷി വളർത്തൽ | ക്ലാസ് വായന കൂട്ടം. ക്ലാസ് ലൈബ്രറി ഒരുക്കൽ - പുസ്തക പരിചയം വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ് | വർഷം മുഴുവൻ | SRG ക്ലാസ് ടീച്ചർ ക്ലാസ് പിടിഎ | |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിമാസം (വർഷം മുഴുവൻ) | ക്ലാസ് ടീച്ചർ | |
| ലേഖനശേഷി വർദ്ധിപ്പിക്കൽ സാഹിത്യകാരന്മാരെ അറിയൽ. | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ. | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT) | പാഠഭാഗവുമായി ബന്ധപ്പെട്ട 3 വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | |
| നമ്മുടെ പ്രാചീന നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടൽ. | ഭക്ഷ്യമേള - പാചകത്തിൽ ഉൾപ്പെടുത്തിയ പതിപ്പ് നിർമാണം, ക്ലാസിലെ സദ്യ. | വർഷത്തിലൊരിക്കൽ | SRG<br>ക്ലാസ് ടീച്ചർ<br>ക്ലാസ് പിടിഎ | |
| സാഹിത്യകാരന്മാരുടെ ജന്മ-ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ അടിസ്ഥാനത്തിൽ | ഓർമദിനങ്ങൾ ആചരിക്കൽ - ഡോക്യുമെന്ററി പ്രദർശനം - പുസ്തക പരിചയം ക്വിസ് മത്സരം പ്രഭാഷണം ജീവിതരേഖ തയ്യാറാക്കൽ പതിപ്പ് നിർമാണം. | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ<br>CPTA | |
| പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ | കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക് കലാവതരണം. പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>CPTA | |
| ഭാഷാപഠനത്തിന്റെ ഭാഗമായി നേടിയ ശേഷി അവതരിപ്പിക്കൽ. | കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>CPTA | PTA |

ക്ലാസ് : 4

| കളിക്കാം ഗണിക്കാം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക |
| ഗണിതപഠനം രസകരമാക്കൽ | വിവിധ തരം കളികൾ ആസൂത്രണം ചെയ്ത് നടപ്പാക്കൽ. മൂല്യനിർണയം (മണിയും പാമ്പും, ഡയസ്കളി, കച്ചവടക്കളി). | വർഷം മുഴുവൻ | S.R.G ക്ലാസ് ടീച്ചർ | |
| ഒറിഗാമിയിലൂടെ പഠിക്കാം. | | | | |
| ഗണിതശാസ്ത്ര പഠനം രസകരമാക്കൽ കരചലന ശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം. | വർഷത്തിൽ ഒരിക്കൽ | ക്ലാസ് ടീച്ചർ | |

ഗണിതമൂല

| | | | |
|---|---|---|---|
| ഗണിതപഠന പ്രവർത്തന സൗകര്യങ്ങൾ. | ക്ലാസിൽ ഒരു ഗണിതമൂല ഒരുക്കൽ പ്രയോജനപ്പെടുത്തൽ. | വർഷം മുഴുവൻ | HM S.R.G ക്ലാസ്ടീച്ചർ |
| ഗണിത പഠനോപകരണ ശില്പശാല. | | | |
| പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം. പ്രദർശനം. | ആവശ്യാനുസരണം. | SRG ക്ലാസ്ടീച്ചർ. |
| ഗണിതമേള | | | |
| ഗണിത ശേഷികളുടെ പ്രകടനം | പ്രശ്നോത്തരി പസിൽ പാറ്റേൺ | വർഷത്തിലൊന്ന്. | SRG ക്ലാസ്ടീച്ചർ. |

## പരിസരപഠനം IV

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **പ്രകൃതി നടത്തം** | | | | |
| നിരീക്ഷണം - അറിവു നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | അവശ്യാനുസരണം. | H.M<br>ക്ലാസ് ടീച്ചർ.<br>SRG. | PTA. |
| **ഭൂപടമൊരുക്കാം** | | | | |
| കേരളം - ഇന്ത്യ ഭൂപടവായന - സൂചിക - പരിചയപ്പെടൽ | • ഭൂപടവായന<br>• ഭൂപടരചന. | അവശ്യാനുസരണം. | SRG.<br>ക്ലാസ് ടീച്ചർ. | PTA. |
| **ശാസ്ത്ര- വിസ്മയ ചുമർ.** | | | | |
| ശാസ്ത്രപഠനം രസകരമാക്കൽ | ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | വർഷം മുഴുവൻ. | SRG.<br>ക്ലാസ് ടീച്ചർ. | PTA. |

സംസ്കൃതം.

# ത്രൈമാസ പ്രവർത്തനകലണ്ടർ

പ്രക്രിയ

പ്രവർത്തനകലണ്ടർ ഫോർമാറ്റ് ഗ്രൂപ്പിൽ വിതരണം ചെയ്ത് ജൂൺ ജൂലൈ ആഗസ്റ്റ് മാസങ്ങളിലെ പ്രവർത്തനങ്ങൾ വൈയ്യക്തികമായി ആസൂത്രണം ചെയ്ത് രേഖപ്പെടുത്താൻ നിർദ്ദേശിക്കുന്നു.

## ത്രൈമാസ പ്രവർത്തനകലണ്ടർ ഫോർമാറ്റ്

| ക്രമ നമ്പർ | മാസം | ദിനം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|---|---|
| 1. | ജൂൺ | ഓരോ ആഴ്ച | ക്വിസ്. ഓരോ ആഴ്ചയിലും ക്വിസ് മത്സരം നടത്തി അവസാനം മെഗാക്വിസ് മത്സരം നടത്തൽ. | ജൂൺ - ആഗസ്റ്റ്. | സംസ്കൃത അധ്യാപിക. |
| 2. | ജൂലൈ | | ആചാര-ഉപചാര പദ പഠനം. സംസ്കൃതവുമായി ബന്ധപ്പെട്ട പദങ്ങൾ പഠിപ്പിക്കുകയും, സംസ്കൃതദിനത്തിൽ സംസാരിക്കുന്ന [illegible] ഉണ്ടാക്കിയെടുക്കാൻ വേണ്ടിയുള്ള പദപഠനം. | ജൂൺ - ആഗസ്റ്റ് | സംസ്കൃത അധ്യാപിക. |
| 3. | ആഗസ്റ്റ്. | | ഗൃഹപരിചയനം. സ്വയംപരിചയപ്പെടുത്തൽ വഴി വീട്ടിലുള്ളവരെ പരിചയപ്പെടുത്തി, ഫോണിന്റെ വീഡിയോ, പരിചയപ്പെടുത്തൽ ഉ. സംസ്കൃത ഭാഷയിൽ. ചാർത്തൽ. പ്രേരിപ്പിക്കൽ. | ജൂൺ - ആഗസ്റ്റ് | സംസ്കൃതാധ്യാപിക. |

അക്കാദമിക്

മാസ്റ്റർ

പ്ലാൻ

U-P

വിഭാഗം

# ആമുഖം

വായിച്ചു വളരുക, ചിന്തിച്ച് വിവേകം
നേടുക എന്ന മഹത് വചനത്തിന് ഊന്നൽ
നൽകുന്ന വിദ്യാർത്ഥി സമൂഹത്തെ വായനയുടെയും എഴുത്തി
ന്റെയും പാതയിലേക്ക് നയിക്കാൻ ഒരു മാഗ
സിൻ. വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളെയും
[illegible] വായനക്കാരാക്കുക. അത് മാത്രമല്ല എഴുത്തുകാരാ
ക്കുക. ഈ ലക്ഷ്യം നേടുന്നതിനായി [illegible]
[illegible] ഉൾചേർത്തിട്ടുള്ള വായനയു
[illegible] ഒരു സ്വതന്ത്രമായി വിദ്യാലയത്തെ
[illegible] സർഗ്ഗ പ്രപഞ്ചത്തിൽ കൊണ്ടുവരുക എന്ന
ലക്ഷ്യം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | വിഭവങ്ങൾ |
|---|---|---|---|---|
| 1) മാതൃകാ അടിസ്ഥാനശേഷി വികസനം, അവയെ സംബന്ധിച്ച ധാരണ പരിചയപ്പെടുത്തൽ അവ പഠിതാക്കളെ ബോധ്യപ്പെടുത്തുക. | ഒന്ന് കാഴ്ചകൾ<br>പഠിതാക്കൾ മാതൃക കാഴ്ചകൾ അനുഭവങ്ങൾ വിവിധ പ്രവർത്തനങ്ങളി-ലൂടെ (കഥ, കവിത, ഗാനാലാപനം, അനു-ഭവക്കുറിപ്പ്) അവതരിപ്പിക്കുന്നു | ഒന്ന് മാസം | | PTA |
| | ഭാഷാക്കളി<br>അക്ഷരങ്ങളും പദങ്ങളും ചേർത്തെഴു വരുന്ന വരികൾ ഉരുവിട്ട് അക്ഷരപ്പാട്ടി ഉദ്യാനം എന്നിവ നിർമ്മിക്കുന്നു. | ഒന്ന് മാസം | പുസ്തകങ്ങൾ | MPTA. |
| | വാക്കുകളിൽ നിന്നും വരികളിലേക്ക്:<br>അക്ഷരങ്ങളും വിശേഷങ്ങളും ചേർത്ത് കാര്യങ്ങളുമെഴുതി പദങ്ങളുടെയും രചന വാക്യങ്ങളുടെ നിർമ്മാണം. | ഒന്ന് മാസം | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | വിലയിരുത്തൽ |
|---|---|---|---|---|
| 9) പത്രത്തിൽ താൽപര്യമുണ്ടാക്കി വായന ശീലം വളർത്തുക. | <u>വാർത്താശേഖരണം</u><br>ഓരോ ആഴ്ചയിലും, കുട്ടികൾ ഓരോ പത്രങ്ങൾ വായിക്കുകയും പത്രത്തിലെ വാർത്ത ശേഖരിക്കുകയും ചാർട്ട്പേപ്പറിൽ എഴുതുകയും ചെയ്യുന്നു. | ഒരു ആഴ്ച | പ്രധാന അദ്ധ്യാ | S.R.G. PTA |
| | <u>വാർത്താവായന</u><br>സമൂഹമാധ്യമങ്ങളുടെ സഹായത്താൽ ലഭിച്ച വാർത്തകൾ കുട്ടികളെക്കൊണ്ട് വായിപ്പിക്കുന്നു ക്ലാസ് തലത്തിൽ വായന നടത്തി തെരഞ്ഞെടുത്ത കുട്ടികൾക്ക് സമ്മാനം നൽകുന്നു. | പതിവായി | ക്ലാസ്സ് ടീച്ചർ | |
| | അതാത് ദിവസത്തെ പ്രധാന സംഭവങ്ങൾ ക്വിസ്, സ്കിറ്റ്, ഡോക്യുമെന്ററി പ്രദർശനം എന്നിവയിലൂടെ അവതരിപ്പിച്ച് ക്വിസ് മത്സരം നടത്തുന്നു. | വർഷത്തിൽ രണ്ടു പ്രാവശ്യം | ക്ലാസ്സ് ടീച്ചർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | പിന്തുണ |
| --- | --- | --- | --- | --- |
| 3) സാഹിത്യ കൃതികളോടു സാഹിത്യകാരന്മാരുമായുള്ള കുട്ടികളുടെ താൽപര്യം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ. | സംവാദം/മുഖാമുഖം. സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള കുട്ടികളുടെ സംവാദത്തിനും അവസരം സൃഷ്ടിക്കുന്നു. | ഒക്ടോബർ നവംബർ | മലയാളം അധ്യാപകർ | P.T.A |
| 4) മലയാള കമ്പ്യൂട്ടിങ് പരിശീലനം നൽകി കുട്ടികളെ സജ്ജരാക്കുക. | ഇ-കമ്പ്യൂട്ടിങ്. കുട്ടികൾ കൃതികളും മറ്റും കമ്പ്യൂട്ടറിൽ ടൈപ്പ് ചെയ്യുകയും ഇ-മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. കുട്ടികൾ പഠിക്കുന്നതും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് ഇ-സ്കൂൾ മാഗസിൻ ആക്കുന്നു. | മാർച്ച് വരെ<br>വർഷം മുഴുവൻ | മലയാളം IT അധ്യാപകർ<br>മലയാളം അധ്യാപകർ | ഹെഡ്മാസ്റ്റർ [illegible] |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചെലവ് | ചുമതല |
| --- | --- | --- | --- | --- |
| 5) പഠിതാക്കളുടെ [illegible] കഴിവുകളെ കണ്ടെത്തി പരിപോഷിപ്പിക്കൽ | രംഗാവിഷ്കാരം : പാഠഭാഗവുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘു നാടകങ്ങൾ എന്നിവ [illegible] കുട്ടികൾക്ക് അവസരം നൽകുന്നു. വിദഗ്ധരായ [illegible] കലാകാരന്മാരെയും കലാകാരികളെയും പങ്കെടുപ്പിച്ചു കൊണ്ട് [illegible] ശില്പശാലകൾ നടത്തുന്നു | ഓണാവധി കാലം | | PTA, സ്കൂൾ |
| 6) കുട്ടികളുടെ ശാസ്ത്രാഭിരുചി വളർത്തൽ | [illegible] ലാബ് ശാക്തീകരണം: വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ സംഘടിപ്പിക്കുന്നു. വിവിധ മേഖലകളിൽ [illegible] കുട്ടികളുടെ കഴിവുകൾ വളർത്തുന്നു. പഠിച്ച [illegible] അനുഭവങ്ങൾ പങ്കുവയ്ക്കുന്നു. | ശാസ്ത്രമേള, ഓണം, ക്രിസ്മസ് അവധിക്കാലം | | വിദ്യ, [illegible], PTA |

# Academic Master Plan Social Science

# ആമുഖം

സാമൂഹിക പുരോഗതിയെ സ്വാധീനിക്കുന്ന സംഭവങ്ങൾ, ആശയങ്ങൾ, പ്രതിഭാസങ്ങൾ സ്ഥാപനങ്ങൾ മുതലായവയെക്കുറിച്ചുള്ള പരസ്പര ബന്ധിതവും മനുഷ്യകേന്ദ്രീകൃതവുമായ പഠനമാണ് സാമൂഹ്യശാസ്ത്രം. വ്യക്തികൾ തമ്മിലും വ്യക്തിയും സമൂഹവും തമ്മിലും സമൂഹവും പ്രകൃതിയും തമ്മിലുള്ള ബന്ധങ്ങളെക്കുറിച്ചുള്ള അന്വേഷണമാണ് സാമൂഹ്യശാസ്ത്ര പഠനം

## ലക്ഷ്യങ്ങൾ

1) ചരിത്രബോധം വളർത്തിയെടുക്കൽ
2) തെളിവുകളുടെ അടിസ്ഥാനത്തിൽ ചരിത്രപഠനം
3) ചരിത്ര ശേഷിപ്പുകൾ സംരക്ഷിക്കുന്നതിനുള്ള അവബോധം
4) തെരഞ്ഞെടുപ്പ് രേഖകൾ തിരിച്ചറിയൽ
5) ജനാധിപത്യബോധവും പൗരധർമവും വളർത്തൽ
6) ഭൂപട നിർമ്മാണ ശേഷി
7) അറ്റ്ലസ് നിർമ്മാണ ശേഷി
8) ഗ്ലോബ് നിർമ്മാണ ശേഷി
9) സാമൂഹ്യശാസ്ത്ര ലാബ് നവീകരണം

| മേഖല | പ്രവർത്തനം | ലക്ഷ്യങ്ങൾ | സമയം/കാലം | ഭൗതികം | സാമ്പത്തിക ചുമതല |
|---|---|---|---|---|---|
| ചരിത്രബോധം | പഴയകാല ഉപകരണങ്ങൾ ശേഖരിക്കൽ പുരാവസ്തു പ്രദർശനം മ്യൂസിയം സന്ദർശിക്കൽ | * തെളിവുകളുടെ അടിസ്ഥാനത്തിൽ ചരിത്ര പഠനം<br>* ചരിത്ര ശേഷിപ്പുകൾ സംരക്ഷിക്കുന്നതിനുള്ള അവബോധം | ജൂൺ/ജൂലൈ ആഗസ്റ്റ് | പി.ടി.എ | സാമൂഹ്യ ശാസ്ത്ര ക്ലബ്, അധ്യാപകർ |
| ജനാധിപത്യബോധം പൗരബോധം | സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ്<br>* ഇലക്ഷൻ വിജ്ഞാപനം<br>* നാമനിർദേശ പത്രിക സമർപ്പിക്കൽ<br>* സൂക്ഷ്മ പരിശോധന<br>* പിൻവലിക്കൽ<br>* വോട്ടെടുപ്പ് (ബാലറ്റ് പേപ്പർ ഉപയോഗിച്ച്)<br>* ഫലപ്രഖ്യാപനം<br>* സത്യപ്രതിജ്ഞ | ജനാധിപത്യ സംവിധാനത്തിലെ വിവിധ ഘട്ടങ്ങൾ തിരിച്ചറിഞ്ഞ് അതിൽ പങ്കാളികളാകുന്നു. | ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ | തെരഞ്ഞെടുപ്പ് സാമഗ്രികൾ | സാമൂഹ്യ ശാസ്ത്രക്ലബ് സാമൂഹ്യ ശാസ്ത്ര അധ്യാപകർ |

| മേഖല | പ്രവർത്തനങ്ങൾ | ലക്ഷ്യങ്ങൾ | സമയക്രമം | ഭൗതികം | ചുമതല |
|---|---|---|---|---|---|
| ഭൂപടവായനശേഷി | * ഭൂപടവുമായി ബന്ധപ്പെട്ട കളികൾ<br>* ഭൂപട നിർമ്മാണം<br>* അറ്റ്ലസ് നിർമ്മാണം<br>* ഗ്ലോബ് നിർമ്മാണം | * ഭൂപട വായനാശേഷി വളർത്തൽ<br>* ഭൂപടം, അറ്റ്ലസ് ഗ്ലോബ് നിർമ്മാണ നൈപുണി നേടൽ | നവംബർ ഡിസംബർ ജനുവരി ഫെബ്രുവരി മാർച്ച് | ചാർട്ട് മാപ്പ് | സാമൂഹ്യ ശാസ്ത്രക്ലബ്ബ് സാമൂഹ്യശാസ്ത്ര അധ്യാപകർ |
| സാമൂഹ്യശാസ്ത്ര ലാബ് നവീകരണം | * സാമൂഹ്യശാസ്ത്ര ലാബ് ആകർഷകമാക്കൽ<br>* വിവിധ നിശ്ചല മാതൃകകൾ നിർമ്മിക്കൽ<br>* പ്രവർത്തന മാതൃകകൾ നിർമ്മിക്കൽ<br>* വിവിധ മാപ്പുകളുടെ ശേഖരണം | * സാമൂഹ്യശാസ്ത്ര ലാബ് നവീകരണത്തിലൂടെ<br>* സാമൂഹ്യശാസ്ത്ര അവബോധം നേടൽ | ജനുവരി ഫെബ്രുവരി മാർച്ച് | പെയിന്റ് ചാർട്ട് മാപ്പ് വിവിധ മോഡലുകൾ | സാമൂഹ്യ ശാസ്ത്രക്ലബ്ബ് സാമൂഹ്യ ശാസ്ത്ര അധ്യാപകർ |

മേഖല : അക്കാദമികം

ഉപമേഖല: ഹിന്ദി ഭാഷ

| ക്രമനമ്പർ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ക്ലാസ് | ചുമതല | ലക്ഷ്യം |
|---|---|---|---|---|---|
| 1 | 'साथी' കുട്ടികൾക്ക് പുത്തൻ ഉണർവ് നൽകാവുന്ന 'ഭാഷാപോഷിണി' പ്രവർത്തനങ്ങൾ, പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തന പാക്കേജ് തയ്യാറാക്കുന്നു. CWSN, SLOW LEARNER കുട്ടികളെ വിലയിരുത്തി അവരുടെ കഴിവിനെയും മാനസികാവസ്ഥയും കണക്കിലെടുത്തുകൊണ്ട് നടത്താവുന്ന പ്രവർത്തന പാക്കേജിന് 'साथी' എന്ന പേരു നൽകിയിരിക്കുന്നു. | ജൂൺ രണ്ടാം വാരം | 5, 6, 7 | ഹിന്ദി അധ്യാപകർ | എല്ലാ കുട്ടികൾക്കും 'ഹിന്ദി ഭാഷ' സുഗമമായി വായിക്കാനും എഴുതാനും സംസാരിക്കാനും ആശയവിനിമയം നടത്താനുള്ള ശേഷി വർധിപ്പിക്കൽ. |
| 2. | ഓരോ ക്ലാസിലും ദിവസവും ഹിന്ദി വായിപ്പിക്കുക, ദൈനംദിന വാക്കുകൾ ഹിന്ദിയിൽ പരിശീലിപ്പിക്കുക. | പ്രതിദിനം | 5, 6, 7 | ഹിന്ദി അധ്യാപകർ | |

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | കാലനിർണ്ണയം | ക്ലാസ് | ചുമതല | ലക്ഷ്യം |
|---|---|---|---|---|---|
| 3. | CWSN, SLOW LEARNERS കുട്ടികൾക്കായി പ്രത്യേകം 'പസിലുകൾ', ICT മുഖാന്തരം പല വർണ്ണങ്ങളിൽ 'അക്ഷരമാല' അവതരണം. | ആഴ്ച്ചയിൽ ഒരു പ്രാവശ്യം | 5, 6, 7 | ഹിന്ദി അധ്യാപകർ | രസകരമായ ആവിഷ്കരണ രീതിയിലൂടെ ഭാഷയെ ലളിതവൽക്കരിക്കുക. |
| 4. | ഹിന്ദിയിൽ ചെറിയ പ്രസംഗങ്ങൾ പരിശീലിപ്പിക്കുക, ഹിന്ദി അസംബ്ലി നടത്തുക. | ദിനാചരണവുമായി ബന്ധപ്പെട്ട്. | 5, 6, 7 | ഹിന്ദി അധ്യാപകർ. | |
| 5 | 'മധുർ വാണി' 'मधुर वाणी' എന്ന പേരിൽ പാഠഭാഗവുമായി ബന്ധപ്പെട്ട ഓഡിയോ കേൾപ്പിക്കുക. ഹിന്ദിയിൽ സംസാരിക്കാൻ പ്രോത്സാഹിപ്പിക്കുക. | പ്രതിദിനം. | 5, 6. 7 | | ആശയവിനിമയ ശേഷി വളർത്തിയെടുക്കുക എന്ന ഉദ്ദേശ്യം. |

# UP ENGLISH

| Aim | Activities | Duration | Charge | Finance |
|---|---|---|---|---|
| 1) Enlarge vocabulary | Learning ladder: Write new words from the lesson in a chart. Let them read the words, remember and write in their note books without errors. | Monthly | English teacher | |
| 2) Improve reading and writing | Story cards: Let them write small stories in A4 sheet and draw pictures related to the story. Paste the sheet in cardboard and bring to the class. Each one read the cards loudly. | July | English teacher. | |
| 3) Improves language fluency. | JAM – Just a Minute<br>Gives some topic to them. Next day they prepare some notes on the topic and present in the class.<br>After some days | | | |

| | | | | |
|---|---|---|---|---|
| | gives the topics at once and let them present it Random call from the class. | August | English teacher. | |
| 4) Language comprehension | <u>Alert Zone</u><br>Prepares and hangs notices, posters, wall magazines in different places in the school related to any special days or to give instructions to children. | Monthly | English teacher. | |

# LP - ENGLISH

| Aim | Activities | Duration | Charge | Finance |
|---|---|---|---|---|
| 1. Improves vocabulary | Picture Dictionary<br>Collects pictures for new words, paste them in a note book and makes one sentence with the word. | whole year. | English teacher. | |
| 2. Increases vocabulary | Vocabulary games<br>Conducts different vocabulary games so that they get many words in their hand and use them in their day to day life. | Monthly | English teacher. | |
| ~~3. Story~~ 3. Improves writing skill. | Story cards<br>Prepares picture stories in A4 sheet or reading cards. Either paste pictures or draw them. | August | English teacher | |

| | | | |
|---|---|---|---|
| 4. Helps to speak English confidently | English Assembly | twice in a month | English teacher. |
| 5) improves reading English | Reading story cards. | Once in a week | English teacher. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| ചുറ്റുപാടുകളിൽ നിന്നും ജീവിത സാഹചര്യങ്ങളിൽ നിന്നും ശാസ്ത്ര മെറ്റീരിയൽ | ഫീൽഡ് ട്രിപ്പ് (പ്രകൃതിയെ അറിയാൻ)<br>തോട്ടങ്ങൾ (ഔഷധം, പച്ചക്കറി), ജലസേചനം, കാവുകൾ, കണ്ടൽക്കാട്, പുഴ, കടൽ എന്നിവ സന്ദർശിക്കൽ | അക്കാദമിക വർഷം. | സയൻസ് അധ്യാപകർ സയൻസ് ക്ലബ്ബ് പരിസ്ഥിതി ക്ലബ്ബ് ഹെൽത്ത് ക്ലബ്ബ് | പി.ടി.എ |
| | ഫീൽഡ് ട്രിപ്പ് – 2.<br>ഫാക്ടറികൾ, വ്യവസായ ശാലകൾ, ആശുപത്രി എന്നിവ സന്ദർശിക്കൽ<br>പരീക്ഷണക്കുറി. | അക്കാദമിക വർഷം | " | പി.ടി.എ |
| | നിത്യജീവിതത്തിലെ പരിചിതമായ വസ്തുക്കൾ ഉപയോഗിച്ച് രസകരമായ ലഘു പരീക്ഷണങ്ങളുടെ ക്ലാസ്സുകൾ പരീക്ഷണക്കിറ്റ്. | ജൂൺ മുതൽ മുഴുവൻ അക്കാദമിക വർഷം | " | സയൻസ് ക്ലബ്ബ് |
| | ശാസ്ത്ര പഠനത്തിനാവശ്യമായ കിറ്റുകൾ നിർമ്മിക്കുന്നു.<br>പരീക്ഷണങ്ങൾ ഉൾപ്പെടുത്തി ശാസ്ത്രപരീക്ഷണ ശേഖരം തയ്യാറാക്കൽ | അക്കാദമിക വർഷം. | " | പി.ടി.എ. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 2) ശാസ്ത്രാവബോധമുള്ളവരാക്കുക. ശാസ്ത്രാഭിരുചികൾ വൈദഗ്ദ്ധ്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | **പ്രദർശനം, ശാസ്ത്രോത്സവം.** വിവിധ കണ്ടെത്തലുകൾ, പഠനോപകരണങ്ങൾ, പരീക്ഷണങ്ങൾ എന്നിവ ഉൾപ്പെടുത്തിയുള്ള ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ്ബ് |
| | **മുഖാമുഖം; ശില്പശാല** പ്രമുഖരായ ശാസ്ത്രമേഖലയിലെ വ്യക്തികളുമായി മുഖാമുഖം, ശില്പശാലകൾ സംഘടിപ്പിക്കുക | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ്ബ് പി.ടി.എ. |
| 3) ശാസ്ത്രരംഗത്തെ ആധുനിക സാങ്കേതികവിദ്യ ശാസ്ത്ര പഠനത്തിനായി ഉപയോഗിക്കൽ | **I.C.T സാധ്യത.** I.C.T ഉപയോഗിച്ച് ശാസ്ത്ര വിഷയങ്ങൾ ക്ലാസ്സിലെത്തിക്കുന്നു- പ്രകൃതിയുടെ ചിത്രങ്ങൾ, ശാസ്ത്രതത്വങ്ങൾ, ശാസ്ത്രജ്ഞർ എന്നിവ ഉൾപ്പെടുന്ന വിവിധ പ്രദർശന | അക്കാദമിക വർഷം. | ശാസ്ത്രാധ്യാപകർ | |

| [illegible] | [illegible] | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 2) ശാസ്ത്രാവബോധം വളർത്തുക. ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർധിപ്പിക്കുക | പ്രദർശനം, ശാസ്ത്രോത്സവം. വിവിധ കണ്ടെത്തലുകൾ, പഠനഭാഗത്തുള്ള പരീക്ഷണങ്ങൾ എന്നിവ ഉൾപ്പെടുത്തി സ്കൂൾ ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ്ബ് |
| | മുഖാമുഖം; ശില്പശാല. പ്രമുഖരായ ശാസ്ത്രമേഖലയിലെ വ്യക്തികളുമായി മുഖാമുഖം, ശില്പശാലകൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ്ബ് പി.ടി.എ. |
| 3) ശാസ്ത്രപഠനത്തെ ആധുനിക സാങ്കേതികവിദ്യ ശാസ്ത്രപഠനത്തിനായി ഉപയോഗിക്കൽ | I.C.T സാധ്യത. I.C.T ഉപയോഗിച്ച് ശാസ്ത്ര വിഷയങ്ങൾ കൂടുതൽ ലളിതമാക്കുന്നു - പ്രകൃതിയുടെ ചിത്രങ്ങൾ, ശാസ്ത്രതത്വങ്ങൾ, ശാസ്ത്രജ്ഞർ എന്നിവ ഉൾപ്പെട്ട വീഡിയോ പ്രദർശനം | അക്കാദമിക വർഷം. | ശാസ്ത്രാധ്യാപകർ | |

| | | | | |
|---|---|---|---|---|
| പ്രതിഭാശാലി കുട്ടായവിദ്യാർ ഥികളിൽ ശാസ്ത്ര ഭിരുചി വർദ്ധി പ്പിക്കൽ | ഉപകരണനിർമ്മാണം (ഇലക്ട്രോണിക്സ്, AI) | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | വിശകലനം |

| ലക്ഷ്യം | | | ചുമതല | |
|---|---|---|---|---|
| 1) പഠനോപകരണ ഉപയോഗിച്ച് ഗണിതപഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | പഠനോപകരണ ശില്പശാല<br>ഗണിതമേഖലയിൽ വിദഗ്ദരായ അധ്യാപകരുടെ സഹായത്തോടെ ശില്പശാല സംഘടിപ്പിക്കൽ. ഇത്തരം ഉപകരണങ്ങളുടെ സവിശേഷതകൾ പരിചയപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് മെമ്പേഴ്സ്, പി.ടി.എ | പി.ടി.എ |
| 2) ഗണിതമേഖലയിൽ കുട്ടികളുടെ താത്പര്യം വർദ്ധിപ്പിക്കൽ | ഗണിതഗ്രാമം<br>ഗണിതത്തിൽ പ്രാവിണ്യമുള്ള അധ്യാപകർ, മറ്റുമേഖലകളിൽ പ്രവർത്തിക്കുന്നവർ എന്നിവരുടെ സഹായത്തോടെ കുട്ടികൾക്ക് താല്പര്യമുണർത്തുന്ന രീതിയിൽ ക്ലാസുകൾ നൽകുന്നു. പിന്നോക്കം നിൽക്കുന്നവരെ താല്പര്യത്തോടെ ഗണിത പഠനത്തിന് സഹായിക്കുന്നു. | വർഷത്തിൽ 4, 5 പ്രാവശ്യം | ഗണിത അധ്യാപകർ, പി.ടി.എ, എം.പി.ടി.എ | പി.ടി.എ |

| | | | | |
|---|---|---|---|---|
| 3. ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കൽ | ഗണിത ക്ലിനിക്<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും, മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗനിർദ്ദേശങ്ങൾ നൽകുന്നു. | ദിവസേന | ഗണിത അധ്യാപകരും, സമർത്ഥരായ കുട്ടികളും | |
| 4 ഗണിതം മധുരമാക്കൽ | ഗണിത ക്വിസ്, നറുക്കെടുപ്പ്<br>ഗണിത ക്വിസ് നടത്തുന്നു. ഉത്തരം പെട്ടിയിൽ നിക്ഷേപിക്കുന്നു. നറുക്കെടുപ്പ് നടത്തി വിജയിയെ തിരഞ്ഞെടുക്കുന്നു. | ആഴ്ചതോറും | ഗണിതക്ലബ്ബ് മെമ്പർമാർ | ഗണിത ക്ലബ്ബ് |
| | ഗണിതമൂല സജ്ജമാക്കൽ<br>പാഠഭാഗവുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, ഗണിത പുസ്തകങ്ങൾ, ചാർട്ട് എന്നിവ ഗണിതമൂലയിൽ സജ്ജമാക്കി ഗണിതപഠനം രസകരമാക്കുന്നു. | ഓരോ യൂണിറ്റിലും | ഓരോ ക്ലാസ് വിദ്യാർഥികളും | ക്ലാസ് വിദ്യാർഥികൾ |

| | | | | |
|---|---|---|---|---|
| ...അടിസ്ഥാന ...ക്രിയകൾ ...എല്ലാ കുട്ടികൾക്കും ഉറപ്പുവരുത്തുന്നു. | പരിഹാരബോധന ക്ലാസ്. കുട്ടികളിൽ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ. | ആഴ്ചയിൽ 3 ദിവസം അവസാന പിരിയഡുകൾ | ഗണിതാധ്യാപകർ സമർത്ഥരായ വിദ്യാർത്ഥികൾ | |
| ...ഗണിതശേഷികളുടെ വികസനം | ദിനാചരണം<br>ദേശീയ ഗണിതശാസ്ത്രദിനം, പൈ ദിനം എന്നീ ദിവസങ്ങൾ ആചരിക്കുന്നു. | ആവശ്യാനുസരണം | ഗണിത അധ്യാപകർ | വിദ്യ... |
| ...ഗണിതപഠനത്തിലായി ആധുനിക ശാസ്ത്ര സാങ്കേതികവിദ്യാ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു. | ഐ.ടി. സാധ്യതകളിലൂടെ<br>ജ്യാമിതീയരൂപങ്ങൾ, പാറ്റേണുകൾ ടാൻഗ്രാം തുടങ്ങിയ പ്രവർത്തനങ്ങൾ ഐ.ടി. സാധ്യതകൾ ഉപയോഗിച്ച് ജിയോജിബ്രയിലേക്ക് ... പൂർത്തീകരിക്കുന്നു. വീഡിയോ ... | മാസത്തിൽ ഒരു പ്രാവശ്യം | IT കോർഡിനേറ്റർ, ഗണിതാധ്യാപകർ | |

## സ്കൂൾതല പ്രവർത്തനങ്ങളുടെ ഫോർമാറ്റ്.

| ക്രമനമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണച്ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1. | വായന | 1. അക്ഷരങ്ങളും, ചിഹ്നങ്ങളും രസകരമായ രീതിയിൽ പഠിപ്പിച്ച്, പദങ്ങളും, വാചകങ്ങളും വായിക്കാൻ പരിശീലിപ്പിക്കുന്നു. വായനയ്ക്ക് ശേഷം ക്ലാസ്ഗ്രൂപ്പിൽ, സ്കൂൾ അസംബ്ലിയിൽ, വീട്ടിൽ പരിശീലിപ്പിക്കുന്നു. | ജൂൺ to മാർച്ച് | സംസ്കൃതാധ്യാപിക. | 200 | |
| 2. | എഴുത്ത്. | 1. നാമപദ - ക്രിയാപദപഠനശേഷം വിശേഷണങ്ങളും ഉൾക്കൊള്ളിച്ച് കൊണ്ട്, ചെറിയ കവിതകളും, സംസ്കൃത ശ്ലോകങ്ങളും എഴുത്തിലൂടെയും ചിത്രങ്ങളിലൂടെയും മാസിക തയ്യാറാക്കൽ. | ജൂൺ to മാർച്ച് | സംസ്കൃതാധ്യാപിക. | 250 | |
| 3. | സുഭാഷിത ആലപനം | 1. ഓരോ ആഴ്ചയിലും സുഭാഷിതങ്ങളും, അവയുടെ ആശയവും കൊടുത്ത്, അവ ഓരോന്നായി അസംബ്ലിയിലും, ക്ലാസിലും അവതരിപ്പിക്കാൻ പ്രാപ്തരാക്കുന്നു. | ജൂൺ to മാർച്ച് | സംസ്കൃതാധ്യാപിക. | – | |